## ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത്: ഡോ.അമിത് മല്ലിക്, ഐ.എഫ്.എസ്.

വിഷയം : വനംവന്യജീവി വകുപ്പ് – ജീവനക്കാര്യം – അനധികൃതമായി ശ്രീ.വിജി വർഗ്ഗീസ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിച്ചുനൽകിയ സേവന വേതന ആനുകൂല്യം റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന:

1. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സെൻട്രൽ സർക്കിൾ, തൃശ്ശൂരിന്റെ 30.07.2015 തീയതിയിലെ ഇ.1-3826/2015 നമ്പർ നടപടി ഉത്തരവ്.
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സെൻട്രൽ സർക്കിളിന്റെ 15.12.2015 തീയതിയിലെ ഇ.1-8420/2015 നമ്പർ നടപടി ഉത്തരവ്.
3. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സെൻട്രൽ സർക്കിൾ, തൃശ്ശൂരിന്റെ 05.05.2015 തീയതിയിലെ ഇ.1-7506/2014 നമ്പർ നടപടി ഉത്തരവ്.
4. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സെൻട്രൽ സർക്കിൾ, തൃശ്ശൂരിന്റെ 08/2015-ലെ ഇ.1-5409/2015 നമ്പർ നടപടി ഉത്തരവ്.
5. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സെൻട്രൽ സർക്കിൾ, തൃശ്ശൂരിന്റെ 07.07.2018 തീയതിയിലെ ഇ.1-4990/2018 നമ്പർ കത്ത്.

### ഉത്തരവ് നമ്പർ ഇ.7-26365/2015 തീയതി 02.08.2018.

വനംവകുപ്പിലെ സെൻട്രൽ സർക്കിളിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം ലഭിച്ച് 14.02.2007-ൽ ജോലിയിൽ പ്രവേശിച്ച ശ്രീ.വിജി.പി.വർഗ്ഗീസിന് അനധികൃതമായി ഒന്നാം സമയബന്ധിത ഹയർ ഗ്രേഡ്, ഗ്രേഡ് ഉദ്യോഗപേര്, ഫോറസ്റ്റർ പരിശീലനത്തിൽ നിന്നുള്ള സ്ഥിരമായ ഒഴിവാക്കൽ, നിരീക്ഷണകാലം പൂർത്തിയാക്കി പ്രഖ്യാപിച്ച നടപടി എന്നീ ആനുകൂല്യങ്ങൾ സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സൂചന 1, 2, 3, 4 പ്രകാരം അനുവദിച്ചത് തെറ്റായിരുന്നുവെന്ന് സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സൂചന 5 പ്രകാരം അറിയിച്ചിട്ടുണ്ട്.

സൂചന 5-ലെ റിപ്പോർട്ട് വിശദമായി പരിശോധിച്ചതിൽ ശ്രീ.വിജി.പി.വർഗ്ഗീസ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ നിലവിലുള്ള നിയമപ്രകാരം ആർജ്ജിക്കേണ്ടുന്ന ഫോറസ്റ്റർ തസ്തികയിലെ നിർബന്ധിത പരിശീലനം പൂർത്തിയാക്കാതെയാണ് ടിയാന് പ്രവേശന തസ്തികയിലെ ഒന്നാം സമയബന്ധിത ഹയർ ഗ്രേഡ് 14.02.2015 പ്രാബല്യത്തിൽ 14620-25280 എന്ന ശമ്പള സ്കെയിലിൽ അനുവദിച്ചത്. സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ ജോലി നോക്കുന്ന ഒരാൾക്ക് ഒന്നാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് വകുപ്പുതല പരീക്ഷയും നിർബന്ധിത പരിശീലനവും പൂർത്തിയായാൽ മാത്രമേ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശമ്പള സ്കെയിലായ ടി സ്കെയിൽ അനുവദിക്കാൻ പാടുള്ളൂ. എന്നാൽ ശ്രീ.വിജി.പി.വർഗ്ഗീസിന് ടി യോഗ്യതകൾ ഇല്ലാതെ തന്നെ ടി തസ്തികയിലെ ഒന്നാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചത് തെറ്റായ നടപടിയാണ്.

സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ നിരീക്ഷണകാലം തുടർച്ചയായ മൂന്നു വർഷത്തിനിടയിൽ രണ്ട് വർഷത്തെ സേവനമാണ്. ഈ കാലയളവിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ

നിർബന്ധിത പരിശീലനവും അനിവാര്യമാണ്. കൂടാതെ വകുപ്പുതല പരീക്ഷകളായ ഫോറസ്റ്റ് ടെസ്റ്റ്, ഫോറസ്റ്റ് ആക്ട് & റൂൾസ് എന്നിവ പാസാകേണ്ടതായിട്ടുണ്ട്. എന്നാൽ ടിയാൻ മേൽപറഞ്ഞ യോഗ്യതകളൊന്നും നിരീക്ഷണകാലയളവിൽ പൂർത്തിയാക്കാതെ തന്നെ ടിയാന്റെ നിരീക്ഷണകാലം ക്രമവിരുദ്ധമായി 31.08.2010 പ്രാബല്യത്തിൽ പ്രഖ്യാപിച്ചു.

വനസംരക്ഷണ വിഭാഗം ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ജീവനക്കാരിൽ വനസംബന്ധമായ അവബോധം വർദ്ധിപ്പിക്കുന്നതിനും ആയിട്ടാണ് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്കും, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്കും, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്കും വനംവകുപ്പ് പരിശീലനം നടത്തുന്നത്. സെക്ഷൻ ഫോറസ്റ്റർ തസ്തികയിൽ നേരിട്ട് നിയമനം ലഭിച്ച ജീവനക്കാർക്ക് പരിശീലനം കൃത്യമായി നൽകുന്ന രീതിയാണ് വനംവകുപ്പിൽ നടന്നുവരുന്നത്. ശ്രീ.വിജി.പി.വർഗ്ഗീസ് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ പരിശീലനത്തിന് നിയോഗിച്ച സെക്ഷൻ ഫോറസ്റ്റ് ഓഫീസറാണ്. എന്നാൽ ടി പരിശീലനം പൂർത്തീകരിക്കുവാൻ ടിയാന് കഴിയാതെ ടിയാൻ വേലവിലക്കിന് വിധേയനാവുകയാണുണ്ടായത്. വേലവിലക്കിനു ശേഷം സേവനത്തിൽ പുനഃപ്രവേശിച്ച ടിയാനെ നിർബന്ധിത ഫോറസ്റ്റർ ട്രെയിനിംഗിൽ നിന്നും സ്ഥിരമായി ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ടി നടപടി ചട്ടവിരുദ്ധമാണ്.

സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ ഗ്രേഡ് ഡെസിഗ്നേഷൻ അനുവദിക്കുന്നതിന് ആവശ്യമായിട്ടുള്ള മാനദണ്ഡങ്ങൾ ആകെ അട്ടിമറിച്ചാണ് ടിയാന് ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ഗ്രേഡ് ഡെസിഗ്നേഷൻ അനുവദിച്ച് ഉത്തരവായത്.

മേൽ വിവരിച്ച സാഹചര്യത്തിലും സൂചന 5-ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ശ്രീ.വിജി.പി.വർഗ്ഗീസ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ നിരീക്ഷണകാലം പ്രഖ്യാപിച്ച നടപടി, സ്ഥിരമായി സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ പരിശീലനത്തിൽ നിന്ന് ഒഴിവാക്കിയ നടപടി, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഗ്രേഡ് അനുവദിച്ച നടപടി എന്നിവ ക്രമവിരുദ്ധവും ചട്ട വിരുദ്ധവുമാകയാൽ സൂചന 1 മുതൽ 4 വരെയുള്ള സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, തൃശ്ശൂരിന്റെ നടപടി ഉത്തരവുകൾ റദ്ദ് ചെയ്ത് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററായ ഡോ.അമിത് മല്ലിക് എന്ന ഞാൻ ഇതിനാൽ ഉത്തരവാകുന്നു.

ഡോ.അമിത് മല്ലിക് ഐ.എഫ്.എസ്.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം)

To

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സെൻട്രൽ സർക്കിൾ, തൃശ്ശൂരിന് അനന്തരനടപടിക്ക്

<u>പകർപ്പ്:</u>

1. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്)ക്ക് വനംവകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകുന്നു.
2. ഇ.4 സെക്ഷന് അനന്തരനടപടിക്കായി നൽകുന്നു.

Y:\Administration\E7\E7-26365-18 02.08.18..doc/j